# പതിമൂന്നാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട ചോദ്യം നമ്പർ : *665

11/07/2014 ൽ മറുപടിക്ക്

### ഓപ്പൺ സ്ക്കൂൾ പുനഃസംഘടന

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ<br>ഡോ. ടി. എം. തോമസ് ഐസക്<br>ശ്രീ. കെ. ദാസൻ<br>,, വി. ചെന്താമരാക്ഷൻ | ശ്രീ.പി.കെ. അബ്ദു റബ്ബ്<br>(വിദ്യാഭ്യാസ വകുപ്പു മന്ത്രി) |
| എ) ഓപ്പൺ സ്ക്കൂൾ പുനസംഘടിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ ; വിശദാംശം ലഭ്യമാക്കാമോ ; | എ) കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ "സ്റ്റേറ്റ് കൗൺസിൽ ഫോർ ഓപ്പൺ ആന്റ് ലൈഫ് ലോംഗ് എഡ്യുക്കേഷൻ, കേരള (സ്കോൾ കേരള)" എന്ന ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റാനായി സർക്കാർ 2010 ൽ തീരുമാനിച്ചിട്ടുണ്ട് അതിനു ശേഷം സർക്കാർ MOA അംഗീകരിച്ചുകൊണ്ട് ഉത്തരവായി. തുടർന്നുള്ള എസ്.സി.ഇ.ആർ.ടി ഗവേണിംഗ് ബോഡി MOA പുനഃപരിശോധിക്കാനായി ഒരു സബ് കമ്മിറ്റിയെ നിയോഗിച്ചു. സബ് കമ്മിറ്റി MOA പരിശോധിച്ച ശേഷം ചില വ്യവസ്ഥകളിൽ ഭേദഗതി വരുത്തണമെന്ന് നിർദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ആവശ്യമായ ഭേദഗതി വരുത്തുന്നതിനായി പ്രൊപ്പോസൽ സർക്കാർ പരിശോധിച്ചുവരുന്നു |
| ബി) പുനസംഘടനയ്ക്കുള്ള തീരുമാനം ഏത് തലത്തിലാണ് കൈക്കൊണ്ടിട്ടുള്ളത്; ഇതിന് അനുമതി യുണ്ടോ ; | ബി) 1999 ൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂൾ എസ്.സി.ഇ.ആർ.ടി യുടെ ഒരു വിഭാഗമായി രൂപീകരിച്ചു കൊണ്ടുള്ള സർക്കാർ ഉത്തരവിൽ തന്നെ ടി സ്ഥാപനം ക്രമേണ ഒരു സ്വതന്ത്ര സ്ഥാപനമായി മാറണം എന്നു പ്രതിപാദിച്ചിരുന്നു. ഉത്തരവിന്റെ അടിസ്ഥാനത്തിൽ ടി സ്ഥാപനത്തെ ഒരു സ്വതന്ത്ര സ്ഥാപനമാക്കി മാറ്റുന്നതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിലേക്കായി ഒരു വിദഗ്ധ സമിതിയെ 2008 ൽ സർക്കാർ നിയമിച്ചു. ടി സമിതി സമർപ്പിച്ച റിപ്പോർട്ടിൽ കേരള സ്റ്റേറ്റ് ഓപ്പൺ സ്കൂളിനെ "സ്കോൾ കേരള" എന്ന ഒരു സ്വതന്ത്ര |

| | | | |
|---|---|---|---|
| | | | സ്ഥാപനമാക്കി മാറ്റുന്നതിനുള്ള നിർദേശത്തെ സർക്കാർ അംഗീകരിച്ച് 2010 ൽ ഉത്തരവായിട്ടുണ്ട് |
| സി) | ഓപ്പൺസ്ക്കൂളിന് നിലവിൽ മേഖലാ ഓഫീസുകൾ എവിടെയെല്ലാമാണ്; | സി) | നിലവിൽ മേഖലാ ഓഫീസ് മലപ്പുറത്ത് മാത്രമാണുള്ളത്. |
| ഡി) | ഓപ്പൺസ്ക്കൂളിന്റെ ആസ്ഥാനം തിരുവനന്തപുരത്തു നിന്നും മാറ്റുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കുമോ? | ഡി) | ഓപ്പൺ സ്കൂളിന്റെ ആസ്ഥാനം മാറ്റാൻ തീരുമാനം എടുത്തിട്ടില്ല. |

സെക്ഷൻ ഓഫീസർ